**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2924

19.06.2014-ൽ
മറുപടിയ്ക്ക്

**ശബരിമലയിലേയ്ക്കുള്ള റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി യിലുൾപ്പെടുത്തി ടാറിംഗ്**

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ശബരിമലയിലേയ്ക്കുള്ള ഏതൊക്കെ റോഡുകളാണ് ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്തി ടാറിംഗ് നടത്തുന്നത്; എന്നാണ് ഇതിനായി തുക അനുവദിച്ചത്; ഓരോ റോഡിനും എത്ര വീതം തുകയാണ് അനുവദിച്ചിട്ടുള്ളത്; ഹെവി മെയിന്റനൻസ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്; | (എ) | ശബരിമലയിലേക്കുള്ള 5 റോഡുകളാണ് നിലവിൽ ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (വിശദ വിവരം അനുബന്ധം I-ൽ ചേർക്കുന്നു). ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരമുള്ള പണികൾക്ക് പ്രധാനമായും 5 വർഷത്തെ മെയിന്റനൻസ് പണികൾ കരാറുകാർ തന്നെ ചെയ്യേണ്ടതും ഈ റോഡുകളുടെ നിലവാരം 5 വർഷത്തേയ്ക്ക് നിലനിർത്തേണ്ട ചുമതല കരാറുകാർക്കാണെന്ന വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ; | (ബി) | വിശദ വിവരം അനുബന്ധം II-ൽ ചേർക്കുന്നു |
| (സി) | ഹെവി മെയിന്റനൻസ് പദ്ധതിയുടെ ടെൻഡർ വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇത്തരം വ്യവസ്ഥകൾ കേരളത്തിലെ മറ്റ് ഏതൊക്കെ റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എന്നാണ് ശബരിമല ഹെവി മെയിന്റനൻസ് റോഡ് നിർമ്മാണം ടെൻഡർ ചെയ്തത് ; | (സി) | ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് വെച്ച മേൽ റോഡുകളുടെ ടെണ്ടർ വ്യവസ്ഥകൾ അനുബന്ധം - III ൽ ചേർക്കുന്നു. എന്നാൽ മേൽ വ്യവസ്ഥകളിൽ 11.11.2013-ലെ സ.ഉ. (Ms) 94/13/പൊമവ പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-V ൽ ചേർക്കുന്നു. മുകളിൽ പറഞ്ഞ 5 റോഡുകളല്ലാതെ മറ്റു റോഡുകളിൽ ഒന്നും തന്നെ ഈ വ്യവസ്ഥകൾ ബാധകമല്ല. ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ തീയതി |

സംബന്ധിച്ച വിവരം അനുബന്ധം IV-ൽ ചേർക്കുന്നു.

| | |
|---|---|
| (ഡി) റോഡുകൾ ബി.എം. ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് ടെൻഡറിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഹെവി മെയിന്റനൻസ് പദ്ധതിയിലെ വ്യവസ്ഥകളുമായി എന്താണ് വ്യത്യാസമുള്ളത്; | (ഡി) റോഡുകൾ ബി.എം. & ബി.സി നിലവാരത്തിൽ ടാറിംഗ് ചെയ്യുന്നതിന് MORTH Specification അനുസരിച്ചുള്ള വ്യവസ്ഥകൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരമുള്ള പണികൾക്ക് പ്രധാനമായും 5 വർഷത്തെ മെയിന്റനൻസ് പണികൾ കരാറുകാർ തന്നെ ചെയ്യേണ്ടതും ഈ റോഡുകളുടെ നിലവാരം 5 വർഷത്തേയ്ക്ക് നിലനിർത്തേണ്ട ചുമതല കരാറുകാർക്കാണെന്ന വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) ഇതേ നിലവാരത്തിലുള്ള ടാറിംഗ് ശബരിമല റോഡുകളിൽ നടത്തുന്നതിനുമാത്രം പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ഇ) ശബരിമല ഉത്സവത്തോടനുബന്ധിച്ച് വർഷം തോറും വേണ്ടി വരുന്ന റോഡ് മെയിന്റനൻസിന്റെ ആവർത്തന ചെലവ് ഒഴിവാക്കുന്നതിനും കോടതി നിർദ്ദേശമനുസരിച്ച് ശബരിമലയിലേക്കുള്ള പ്രധാനപ്പെട്ട റോഡുകൾ ഒട്ടും തന്നെ കേടുപാടുകളില്ലാതെ സൂക്ഷിക്കേണ്ട ആവശ്യകത ഉള്ളതിനാലും ഏതു കാലാവസ്ഥയിലും റൈഡിങ് ക്വാളിറ്റി നിലനിർത്തിക്കൊണ്ട് നല്ല റോഡ് പ്രതലം ലഭ്യമാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതിനാലും ആണ് ശബരിമല റോഡുകളിൽ ഈ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുള്ളത്. |
| (എഫ്) ഒരേ നിലവാരത്തിൽ ടാറിംഗ് നടത്തുന്ന പ്രവൃത്തികൾക്കെല്ലാം ഒരേ ടെൻഡർ വ്യവസ്ഥ ഏർപ്പെടുത്തുന്നതിനും ഹെവി മെയിന്റനൻസ് പദ്ധതിയിൽ മാത്രമായി ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (എഫ്) ഹെവി മെയിന്റനൻസ് പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകളിൽ 11.11.2013-ലെ സ.ഉ.(Ms) 94/13/പൊ.മ.വ പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. മറ്റു പ്രവൃത്തികളുടെ ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**